©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

വാല്യം 6
Vol. VI

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2017 മേയ് 30
30th May 2017
1192 ഇടവം 16
16th Idavam 1192
1939 ജ്യേഷ്ഠം 9
9th Jyaishta 1939

നമ്പർ
No. 22

# PART III
# Ground Water Department

ദർഘാസ് പരസ്യം

നമ്പർ ജി.എം. 1816/2016. 2017 ഏപ്രിൽ 28.

കേരള ഗവർണ്ണർക്കുവേണ്ടി ഭൂജല വകുപ്പ്, മലപ്പുറം ജില്ലാ ആഫീസറുടെ കാര്യാലയത്തിൽനിന്നും താഴെപ്പറയുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനുവേണ്ടി മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

ടെണ്ടർ നമ്പരും ജോലിയുടെ വിവരവും അടങ്കൽ തുകയും—റ്റി.7/2017-18—മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ മുൻസിപ്പാലിറ്റിയില (1) ലക്ഷംവീട് കോളനി, (2) ബേബിവിറ്റ റോഡ്, (3) പുന്നപ്പറമ്പിൽ, (4) ഈസ്റ്റ് വില്ലൂർ, (5) വില്ലൂർ മുണ്ടിയൻ തറ, (6) ഹോമിയോ ഡിസ്പെൻസറി അംഗൻവാടി പരിസരം (7) കോട്ടക്കുളത്ത് (8) പൂഴിത്തറ കാക്കാതോട് സമീപം (9) പാപ്പായി അംഗൻവാടി സമീപം (10) ആശാരി കുളമ്പ് എന്നീ സ്ഥലങ്ങളിൽ നിലവിലുള്ള 110 എം.എം. കുഴൽ കിണറുകളിൽ ഭൂജലവകുപ്പ് വിതരണം ചെയ്യുന്ന ഇന്ത്യാമാർക്ക് II ഹാൻഡ് പമ്പ് സ്ഥാപിച്ച് പ്ലാറ്റ്ഫോറം നിർമ്മിക്കുന്ന പ്രവൃത്തി—` 83,890.

നിരതദ്രവ്യം—` 2,100 .

ദർഘാസ് ഫോറത്തിന്റെ വില—` 500 + വാറ്റ്.

പ്രവൃത്തി ചെയ്ത് തീർക്കേണ്ട കാലാവധി—20 ദിവസം.

പൂരിപ്പിച്ച ദർഘാസുകൾ ജില്ലാ ഓഫീസർ, ജില്ലാ ആഫീസറുടെ കാര്യാലയം, ഭൂജല വകുപ്പ്, മലപ്പുറം എന്ന വിലാസത്തിൽ ദർഘാസ് നമ്പരും പേരും രേഖപ്പെടുത്തി മുദ്രവച്ച കവറിൽ സമർപ്പിക്കേണ്ടതാണ്. വൈകി എത്തുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസുകൾ കൈമാറ്റം ചെയ്യാവുന്നതല്ല. 30-5-2017 ഒരു മണിവരെ ദർഘാസ് ഫോറങ്ങൾ വിൽക്കുന്നതാണ്. പൂരിപ്പിച്ച ഫോറങ്ങൾ 30-5-2017 ഉച്ചകഴിഞ്ഞ് 3 മണിവരെ സ്വീകരിക്കുന്നതും അന്നേദിവസം വൈകുന്നേരം 3.30 മണിക്ക് ഹാജരാകുന്ന കരാറുകാരുടെയോ അവരുടെ ഏജന്റുമാരുടെയോ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിച്ച് രേഖപ്പെടുത്തുന്നതുമാണ്.

കേരള സർക്കാരിന്റെ ` 200-ന്റെ മുദ്രപത്രത്തിൽ ഒരു പ്രാഥമിക ഉടമ്പടി ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്.

നിരതദ്രവ്യമായി ദർഘാസിൽ പറയുന്ന അടങ്കൽ തുകയുടെ രണ്ടര ശതമാനം ജില്ലാ ആഫീസർ, ഭൂജല വകുപ്പ്, മലപ്പുറം എന്ന വിലാസത്തിൽ മലപ്പുറത്ത് മാറാവുന്ന വിധം ഡിമാന്റ് ഡ്രാഫ്റ്റായി ദർഘാസിനോടൊപ്പം നൽകേണ്ടതാണ്. ദർഘാസ് ദിവസം അവധിയാകുന്നപക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് തുറക്കുന്നതാണ്.

ദർഘാസുകൾ റദ്ദ് ചെയ്യുന്നതിനോ നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം ജില്ലാ ആഫീസറിൽ നിക്ഷിപ്തമാണ്. കേരള സർക്കാരിന്റെ ദർഘാസുകളെ സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്.

ജില്ലാ ഓഫീസറുടെ കാര്യാലയം, (ഒപ്പ്)
ഭൂജല വകുപ്പ്, മലപ്പുറം. ജില്ലാ ഓഫീസർ.